"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം- ശ്രീ.പ്രമോദ് കുമാർ എസ്.എൻ. ഫയൽ ചെയ്ത O.A.(EKM) No. 974/21 നമ്പർ കേസ്സിന്മേലുള്ള 25.10.2021 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1119/2022/LSGD തീയതി,തിരുവനന്തപുരം, 05-05-2022

പരാമർശം:-

1. സ.ഉ (പി).നം.3/2017ഉ.ഭ.പ.വ, തീയതി 25.02.2017.
2. ശ്രീ.പ്രമോദ് കുമാർ എസ്.എൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത O.A.(EKM) No. 974/21 നമ്പർ കേസ്സിന്മേലുള്ള 25.10.2021 ലെ ഉത്തരവ്.
3. പഞ്ചായത്ത് ഡയറക്ടർ 08.04.2022 തിയതിയിൽ ലഭ്യമാക്കിയ കുറിപ്പ്.

**<u>ഉത്തരവ്</u>**

പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ സുതാര്യമായ സ്ഥലംമാറ്റം ഉറപ്പാക്കുന്നതിനായി പരാമർശം (2) ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ഓൺലൈൻ മുഖേന സ്ഥലം മാറ്റം നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരള പഞ്ചായത്ത് എംപ്ലോയീസ് ഫെഡറേഷൻ സ്റ്റേറ്റ് കമ്മിറ്റി ജനറൽ സെക്രട്ടറിയും കാസറഗോഡ് ജില്ലയിലെ അജാനൂർ ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റും ആയ ശ്രീ .പ്രമോദ് കുമാർ എസ്.എൻ. ഫയൽ ചെയ്ത OA(EKM)No.974/21 നമ്പർ കേസ്സിൻ മേൽ 25.10.2021 ൽ പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുൻപാകെ സമർപ്പിച്ച അനക്ഷർ എ5 നിവേദനം പരിശോധിച്ച് അപേക്ഷകനെ നേരിൽ കേട്ട് ഉത്തരവ് ലഭിച്ച തീയതി മുതൽ 3 മാസത്തിനുള്ളിൽ തീരുമാനമെടുക്കുവാൻ പരാമർശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി.

2. പരാമർശം (1) ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം പഞ്ചായത്ത് ജീവനക്കാരുടെ സ്ഥലം മാറ്റവും നിയമനവും ഓൺലൈനാക്കണമെന്നും സ്ഥലം മാറ്റത്തിൽ നിന്ന് അർഹതപ്പെട്ടവർ മനഃപൂർവ്വം ഒഴിവാക്കപ്പെടുന്നു, ജൂനിയർ ആയവർ സീനിയറായവരെ മറികടക്കുന്നു, വ്യക്തിപരമായ വിരോധത്തിന്റെ പേരിൽ സംഘടനാപരമായി വിദൂര സ്ഥലമാറ്റം നടത്തുന്നു, അധികാര കേന്ദ്രങ്ങളെ സ്ഥലം മാറ്റത്തിനായി പല നിലകളിൽ സ്വാധീനിക്കാൻ ശ്രമം നടക്കുന്നു, അധികാര കേന്ദ്രങ്ങൾക്ക് താല്പര്യമുള്ളവർക്ക് മാനദണ്ഡങ്ങൾ ബാധകമാകുന്നില്ല, സ്ഥലമാറ്റ മാനദണ്ഡങ്ങളെ മറികടക്കാൻ

ഡയറക്ടറേറ്റ്, ഡിഡിപി, എഡിപി, ജില്ലാപഞ്ചായത്ത്, ഓഡിറ്റ് ഓഫീസുകളിൽ താൽക്കാലിക സ്ഥലം മാറ്റം നൽകുന്നു, ചിലർ ഓരോ തസ്തികയിലും പ്രമോഷനായി വർഷങ്ങളായി ഒരേ ഓഫീസിൽ ജോലി ചെയ്യുന്ന തുടങ്ങിയ ക്രമക്കേടുകൾ ഓൺലൈൻ സ്ഥലം മാറ്റം മുഖേന പരിഹരിക്കാനാകണമെന്ന് അനക്ഷർ A 5 നിവേദനത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി. അച്ചടക്ക നടപടി, അനുകമ്പാർഹമായ കാരണങ്ങൾ, ഒഴിവില്ലാത്തതിനാൽ ജില്ലയിൽ നിന്ന് മാറ്റപ്പെട്ടവർ എന്നീ മൂന്ന് വിഭാഗത്തിൽപ്പെടാത്ത മൂന്ന് വർഷം പൂർത്തിയാകാത്ത ജീവനക്കാരെ സ്ഥലം മാറ്റേണ്ടതില്ല എന്ന പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 2 (3) ലെ വ്യവസ്ഥ പാലിക്കപ്പെടുന്നില്ലായെന്നും പൊതു താത്പര്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും സ്ഥലം മാറ്റം അനിവാര്യമാകുന്ന എന്നതാണെന്നും അനുകമ്പാർഹമായ സ്ഥലം മാറ്റങ്ങളെക്കുറിച്ച് രേഖകൾ അപ് ലോഡ് ചെയ്യുന്നതിനും പരിശോധിക്കുന്നതിനും ഓൺലൈനിൽ സംവിധാനം വേണമെന്നും എത്ര ഓപ്ഷൻ നൽകാനും ഹയർ ഓപ്ഷൻ ആവശ്യമില്ലെങ്കിൽ ആയതിന് അപേക്ഷിക്കുന്നതിനും സോഫ്റ്റ് വെയറിൽ സംവിധാനം ആവശ്യമാണെന്നും ആവശ്യപ്പെടുകയുണ്ടായി. ഭരണ സൗകര്യാർത്ഥം എന്നത് ഒഴിവാക്കി സ്ഥലമാറ്റ രീതി രേഖപ്പെടുത്തുന്നതിന് സോഫ്റ്റ് വെയറിൽ സംവിധാനം ആവശ്യമാണെന്നും പരാമർശം (1) ഉത്തരവിലെ എല്ലാ നിർദ്ദേശങ്ങളും കർശനമായി പാലിക്കപ്പെടുന്ന രീതിയിൽ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി..

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധിന്യായപ്രകാരം അപേക്ഷകനെ 11.04.2022 രാവിലെ 11.30ന് തസ്വഭവ ഡെപ്യൂട്ടി സെക്രട്ടറി ടെലഫോൺ മുഖാന്തിരം കേൾക്കുകയുണ്ടായി. തദവസരത്തിൽ അനക്ഷർ എ5 നിവേദനത്തിലെ ആവശ്യങ്ങളോടൊപ്പം അപേക്ഷ സ്വീകരിക്കൽ മാത്രമായി ഒൺലൈൻ സംവിധാനം അട്ടിമറിക്കപ്പെടരുതെന്നും സോഫ്റ്റ് വെയർ സംവിധാനം ഒരുക്കി സുതാര്യത ഉറപ്പ് വരുത്തി അഴിമതി അവസാനിപ്പിക്കണമെന്നും സ്വതന്ത്രമായും നീതിയുക്തമായും ഉദ്യോഗസ്ഥ സംവിധാനത്തിന് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നൽകണമെന്നും അധികമായി അഭ്യർത്ഥിക്കുകയുണ്ടായി..

4. പരാമർശം (1) ഉത്തരവിൻ പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റവും നിയമനവും സംബന്ധിച്ച പരിഷ്കരിച്ച മാനദണ്ഡവും മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം എല്ലാ വകുപ്പ മേധാവികളും ജീവനക്കാരുടെ ഒരു ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കണമെന്നും. ഇനി മേൽ സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന്റെയും നിയമനത്തിന്റെയും നടപടികൾ ഓൺലൈൻ സമ്പ്രദായത്തിൽ കൂടി മാത്രം നടത്തേണ്ടതാണെന്നും ഇതിലേയ്ക്കാവശ്യമായ സോഫ്റ്റ് വെയർ പ്രാപ്തമാക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. ആയതിൻ പ്രകാരം ജീവനക്കാരും ഇലക്ട്രോണിക് ഡാറ്റാ ബേസ് തയ്യാറാക്കുവാനും സ്ഥലം മാറ്റം ഓൺലൈൻവഴി ആകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് ഇൻഫർമേഷൻ കേരള മിഷന്റെ സ്ഥാപന സോഫ്റ്റ് വെയർ, സ്പാർക്ക് സോഫ്റ്റ് വെയർ എന്നിവ മുഖേനയാണെന്നും ഗ്രാമപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും സ്പാർക്ക് സോഫ്റ്റ് വെയർ നിലവിലില്ലാത്തതിനാൽ പഞ്ചായത്ത് വകുപ്പിന്റെ പൊതുസ്ഥലംമാറ്റത്തിനായി എൻ.ഐ.സി. തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് പഞ്ചായത്ത് വകുപ്പിൽ സ്ഥലം മാറ്റം നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതി നിലവിലുണ്ടെന്നും, സോഫ്റ്റ് വെയർ - ൽ ആവശ്യമായ മാറ്റം വരുത്തി നല്കാൻ എൻ.ഐ.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

പഞ്ചായത്ത് വകുപ്പിന്റെ പൊതു സ്ഥലം മാറ്റത്തിനുള്ള സോഫ്റ്റ്വയർ ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് മുഖേന ഏപ്രിൽ മാസത്തിൽ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നതിനും ജൂൺ ജൂലൈ മാസങ്ങളിലായി പൊതു സ്ഥലം മാറ്റം നടത്തുന്നതിനും കഴിയുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് വകുപ്പിന്റെ പൊതു സ്ഥലം മാറ്റത്തിനായി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗിച്ച് സമയബന്ധിതമായി പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ട്, 2022 ജൂൺ - ജൂലൈ മാസത്തിനകം പൊതുസ്ഥലം മാറ്റ നടപടികൾ പൂർണ്ണമായും ഓൺലൈനിൽ നടത്തുവാനും അപ്രകാരം ഓൺലൈൻ മുഖേനയുള്ള സ്ഥലം മാറ്റം നടത്തുമ്പോൾ പരാമർശം (1) ഉത്തരവിലെ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുവെന്നും സ്വജനപക്ഷപാതം, അഴിമതി എന്നിവ ഒഴിവാക്കി സുതാര്യമായി നടക്കുന്നുവെന്നും ഉറപ്പ് വരുത്തണമെന്നുമുള്ള നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. പരാമർശം (2) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A.(EKM) No.974/21 നമ്പർ കേസ്സിന്മേലുള്ള 25.10.2021 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.പ്രമോദ് കുമാർ എസ്.എൻ, അക്കൗണ്ടന്റ്, അജാനൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, അജാനൂർ ഗ്രാമപഞ്ചായത്ത്, കാസറഗോഡ്(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 261/ഇപിഎ1/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Danuja M S**
**Date: 05-05-2022 13:51:52**

സെക്ഷൻ ഓഫീസർ